# തോക്കുചൂണ്ടിയ സംഭവം: സ്ക്വാഡ്രൻ ലീഡർ അടക്കം രണ്ടുപേർ അറസ്റ്റിൽ

തൃശൂർ • പട്ടാപ്പകൽ നടുറോഡിൽ ബസ് ജീവനക്കാർക്കു നേരെ തോക്കുചൂണ്ടിയ സംഭവത്തിൽ വ്യോമസേന സ്ക്വാഡ്രൻ ലീഡർ അടക്കം രണ്ടു പേർ അറസ്റ്റിൽ. ഹൊസൂർ എയറോഡ്രോമിലെ സ്ക്വാഡ്രൻ ലീഡർ തൃശൂർ സ്വദേശി ലിജോ, വ്യോമസേനയിലെ മുൻ സ്റ്റോർകീപ്പർ തിരുവനന്തപുരം ശ്രീകാര്യം ശ്രീദപ്ദമത്തിൽ അരുൺ കുമാർ (42) എന്നിവരെയാണ് ഈസ്റ്റ് എസ്ഐ എം.ജെ.ജിജോയുടെ നേതൃത്വത്തിലുള്ള സംഘം പിടികൂടിയത്. കയ്യിലുണ്ടായിരുന്നതു കളിത്തോക്ക് ആയിരുന്നെന്നാണ് പ്രതികളുടെ ഭാഷ്യം.

ഓഗസ്റ്റ് 20ന് സെന്റ് തോമസ് കോളജ് റോഡിലായിരുന്നു നഗരത്തെ വിറപ്പിച്ച സംഭവം. കാറിലെത്തിയ രണ്ടുപേർ സ്വകാര്യ ബസിന്റെ കുറുകെ കാർ നിർത്തുകയും ഡ്രൈവിങ് സീറ്റിലിരുന്ന അരുൺ കുമാർ ചാടിയിറങ്ങി സ്വകാര്യ ബസ് ഡ്രൈവർക്കു നേരെ തോക്കു ചൂണ്ടുകയും ചെയ്തു എന്നാണ് കേസ്. ബസിലുണ്ടായിരുന്ന യാത്രക്കാർ പരിഭ്രാന്തരായി നിലവിളിക്കുകയും ചുറ്റും ആളുകൂടുകയും ചെയ്തപ്പോൾ പ്രതികൾ കാറിൽ കയറി അതിവേഗം ഓടിച്ചുപോയി. ബസ് ജീവനക്കാർ പരാതി കൊടുക്കാൻ തയാറാകാതിരുന്നതു കാരണം കേസെടുത്തിരുന്നില്ല.

സംഭവം വാർത്തയായതോടെ കമ്മിഷണറുടെ നിർദേശപ്രകാരം ഈസ്റ്റ് പൊലീസ് വാഹനം തിരഞ്ഞു കണ്ടെത്തി. ആയുധ നിയമപ്രകാരമാണ് കേസെടുത്തിട്ടുള്ളത്. ബസ് തങ്ങളുടെ കാറിനു നേരെ അപകടകരമായി പാഞ്ഞെത്തിയെന്നും പെട്ടെന്നുണ്ടായ ദേഷ്യത്തിനു തോക്കു ചൂണ്ടിപ്പോയെന്നുമാണ് പ്രതികൾ പൊലീസിനോടു വെളിപ്പെടുത്തിയത്.

## തുമ്പായത് മൂന്നക്കം

തോക്കുചൂണ്ടിയ സംഭവത്തിൽ പ്രതികളുടെ അറസ്റ്റിലേക്കു നയിച്ചത് കാറിന്റെ റജിസ്ട്രേഷൻ നമ്പറിലെ മൂന്നക്കങ്ങൾ! തോക്കുചൂണ്ടിയ രണ്ടംഗ സംഘം സഞ്ചരിച്ച കാറിന്റെ മുഴുവൻ നമ്പർ ഓർമയില്ലെന്നായിരുന്നു ബസ് ജീവനക്കാർ പൊലീസിനോട് ആദ്യം പറഞ്ഞത്. ഓർമയിൽ വരുന്നതു പറഞ്ഞുതരാൻ പൊലീസ് നിർദേശിച്ചപ്പോൾ ജീവനക്കാരിലൊരാൾ കാറിന്റെ നമ്പറിന്റെ അവസാന ഭാഗം പറഞ്ഞുകൊടുത്തു. ഈ നമ്പറാണ് അന്വേഷണത്തിൽ തുണയായത്.